# മഷിക്കൂട്ട്

## ഡിജിറ്റൽ മാഗസിൻ

2023-24



സെന്റ് ആന്റണീസ് എച്ച്എസ്, കണ്ണോത്ത്

**ST.ANTONY'S HS , KANNOTH**

# ചരിത്രവഴിയിലൂടെ...

ഓരോ നാടിന്റെയും ചരിത്രരേഖകൾ ചികഞ്ഞു നോക്കിയാൽ ഒളിമങ്ങാതെ നിൽക്കുന്ന ചില ചരിത്രനിമിഷങ്ങളെ കണ്ടെത്താൻ കഴിയും. കുടിയേറ്റത്തിന്റെ ആരംഭശയ്യയിൽ നിന്നും കാലചക്രം മുന്നോട്ടു നീങ്ങി 1976 എന്ന വർഷത്തിലെത്തി നിന്നപ്പോൾ, കണ്ണോത്ത് എന്ന മലയോര കുടിയേറ്റ ഗ്രാമത്തിൽ ഒരു പുതുയുഗം പിറവി കൊണ്ടു.

കാലയവനികയിൽ മറഞ്ഞുപോയ വിജ്ഞാനകുതുകിയായ അഭിവന്ദ്യ വൈദിക ശ്രേഷ്ഠൻ റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളി, ഒരു ദേശത്തിൻറെ സമോദ്ധാരണം സ്വപ്നം കണ്ടുകൊണ്ട്, ദേശത്തെ സാധാരണക്കാരായ കുറച്ചുപേരുടെ സ്ഹായ സഹകരണത്തോടെ കണ്ണോത്തിൻ്റെ ഭൂമികയിൽ ഒരു വിദ്യാലയത്തിന്റെ അടിസ്ഥാന മിട്ടു. പിന്നീടങ്ങോട്ട് നാടിൻറെ ഹൃദയസ്പന്ദനമായി ആ മഹാ വിദ്യാലയം പടർന്നു പന്തലിച്ചു. ഈ വിദ്യാലയത്തിൽ നിന്നും അറിവു നേടി മികവു തെളിയിച്ച ആയിരങ്ങൾ ഇന്ന് ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ തങ്ങളുടെ സാന്നിധ്യമറിയിച്ച് നമ്മുടെ വിദ്യാലയ ത്തിന്റെ യശസ്സുയർത്തുന്നു.

അധ്യാപനവും അദ്ധ്യയനവും ചേരുന്നതാണ് വിദ്യാഭ്യാസം. ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് സംസ്കാരം പകർന്നു നൽകപ്പെടുന്നത് വിദ്യാഭ്യാസത്തിലൂ ടെയാണ് മലയോര മേഖലയുടെ വിദ്യാഭ്യാസ സംസ്കാര മേഖലകൾക്ക് ചുക്കാൻ പിടിച്ചുകൊണ്ട് കണ്ണോത്ത് സെൻറ് ആൻറണീസ് ഹൈസ്കൂൾ മുന്നോട്ട്...



FORWARD WITH WISDOM

ST. ANTONY'S H.S. KANNOTH

# SSLC BATCH 2022-23



# ആശംസ



കണ്ണോത്ത് സെൻറ് ആൻറണീസ് ഹൈസ്കൂൾ ലിറ്റിൽസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ കാലഘട്ടത്തിൽ ലോകം അതിവേഗം മുന്നേറുമ്പോൾ നമ്മുടെ സ്കൂളും അതിനൊത്ത് ചുവട് വയ്ക്കുകയാണ്. അതിൽ ലിറ്റിൽ കൈറ്റ് അംഗങ്ങൾ നൽകുന്ന സംഭാവന വളരെ വലുതാണ്.

വ്യക്തിപരമായ വളർച്ചയ്ക്കൊപ്പം തന്നെ സമൂഹത്തിന്ഉപകരിക്കുന്ന ഒരു നല്ല തലമുറയായി മാറുവാൻ ലിറ്റൽ കൈറ്റ് പ്രവർത്തനങ്ങൾ നിങ്ങൾക്ക് ഉപകരിക്കട്ടെ.

ഏവർക്കും നന്മകൾ നേരുന്നു.

സ്നേഹാശംസകളോടെ
റോഷിൻ മാത്യു
ഹെഡ്മാസ്റ്റർ



## മുഖമൊഴി

പ്രിയപ്പെട്ടവരെ,

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തയ്യാറാക്കപ്പെടുന്ന സ്കൂൾ ഡിജിറ്റൽ മാഗസിന്റെ ഡിജിറ്റൽ പതിപ്പിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഈ പുതിയ സംരംഭം നമ്മുടെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കാൻ ഒരു പുതിയ വേദി നൽകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഈ ഡിജിറ്റൽ പതിപ്പ് പുതിയ സാധ്യതകളുടെ ഒരു ലോകം തുറന്നുകാട്ടുന്നു. വായനക്കാർക്ക് ലോകത്തെവിടെയും എപ്പോൾ വേണമെങ്കിലും ഈ മാഗസിൻ വായിക്കാൻ സാധിക്കും എന്നത് ഒരു പ്രത്യേകതയാണ്. കൂടാതെ, ഇത് നമ്മുടെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മാധ്യമങ്ങളിൽ അവരുടെ കഴിവുകൾ വികസിപ്പിക്കാനും പുതിയ സാങ്കേതികവിദ്യകളെക്കുറിച്ച് പഠിക്കാനും ഒരു അവസരം നൽകും.നമ്മുടെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയും പ്രതിഭയും പ്രതിഫലിപ്പിക്കുന്ന വൈവിധ്യമാർന്ന ഉള്ളടക്കം ഞങ്ങൾ നിങ്ങൾക്ക് സമ്മാനിക്കുകയാണ്. ഈ ഡിജിറ്റൽ പതിപ്പ് വിജയകരമാക്കുന്നതിന് നിങ്ങളുടെ പിന്തുണയും പ്രോത്സാഹനവും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഈ പുതിയ യാത്രയിൽ ഞങ്ങളോടൊപ്പം ചേർന്നതിന് നന്ദി.

എഡിറ്റർ



# EDITORIAL BOARD


***HELEN ROSE (STUDENT EDITOR)***

***GEO GEORGE JOSEPH (STAFF EDITOR)***

***DONA SUNIL***

***NUIM ANSARI***

***ANSHID K P***

***ASNA SHERIN***

***DEEPA ANTONY***

***TEENA JOSE***

***COVER PAGE DESIGNINIG: SHANA FATHIMA***










# താളുകളിലൂടെ...


മാതൃഭാഷയാം ദ്രാവിഡ പുത്രി....................... 7

ജിവിതശൈലി രോഗങ്ങൾ.............................8

ലഹരിക്കെതിരെ............................................11

കൂട്ടുകെട്ടിന്റെ ഗുണം....................................12

മാതൃസ്നേഹം...............................................14

മലിനമായിരുന്ന കുളം...................................15

എൻ വെളിച്ചമേ............................................ 17

കൊച്ചു മാലാഖമാർ......................................18

എന്താണ് റോബോട്ടിക്സ്?............................20

നേരിന്റെ വഴി...............................................23

ജലസംരക്ഷണം.............................................24

കണ്ണുനീർ തുള്ളി ........................................27

പ്രകൃതിക്കൊരു കൈത്താങ്ങ് .....................28

ഡിജിറ്റൽ പെയിറ്റിങ്ങ്....................................29

ജീവിതമാകുന്ന ലഹരി..................................30

അക്കാദമിക പ്രവർത്തനങ്ങളിലൂടെ..........31

കഞ്ഞിയും പയറും.......................................36

പൂവിതൾ................................ ....................39




അമ്മ എൻ പേർ കേട്ടാൽ ആദ്യമെൻ
മനസ്സിൽ മടിത്തട്ടിൽ ഉയരും ശബ്ദമാണ് എൻ മാതൃഭാഷ....
ദ്രാവിഡഭാഷതൻ പുത്രിയാം മാതൃഭാഷേ...
നമിച്ചിടുന്നു നിൻമുൻപിലിതാ ഞങ്ങൾ....
അൻപത്തിയൊന്നക്ഷരങ്ങളുള്ള  മലയാള ഭാഷേ കേൾക്കാ
തമിഴിന്റെ പുണ്യ സഹോദരിയാം മലയാളഭാഷേ ചൊൽക
നിൻ സൗന്ദര്യം പ്രകൃതിപോൽ ശോഭയേറിയതാകുന്നമ്മേ
ശുദ്ധജലം പോലെയാണമ്മേ നിൻ മഹത്വത്തിനതിരില്ല
എത്ര-യെത്ര മഹത്തരമായ വർണ്ണനകൾക്കർഹയാണമ്മേ നീ
ചരിത്രത്തിന്റെ മടിത്തട്ടിലുണ്ടെത്രയോ ഭാവനയുണർത്തിടും
ഭാഷാസൃഷ്ടികൾ കാവ്യങ്ങളും,കഥകളും അളവില്ലാതെ
കേരളത്തനിമയും സംസ്കാര ഭാഷാശൈലിയും ഉയർന്നു മുഴങ്ങുന്നു
മഹത്വമാർന്ന ഒരൊറ്റ വാക്കാം മലയാളത്തിൽ
കേരളയശസ്സുയർത്തും ദ്രാവിഡപുത്രിയാം ഞങ്ങൾ തൻ
സ്വന്തമാം പെറ്റമ്മ കണക്കാം മാതൃഭാഷേ
എന്നുംമെന്നേക്കും മലയാളമക്കൾക്ക നീയാണ്നീ തന്നെയാണമ്മ
മലയാളമേ ഞങ്ങൾ തൻ മാതൃഭാഷേ
നമിച്ചിടുന്നു നിൻ പാദാരവൃന്ദങ്ങളെ
ഞങ്ങൾ തൻ ജീവനാം മാതൃഭാഷയാമമ്മേ
നീ തന്നെ എന്നും ഞങ്ങൾ തൻ ഹൃദയമിടിപ്പും ചുവടുവെയ്പ്പും.

ഹെലൻ റോസ്

VIII A



# ജീവിതശൈലി രോഗങ്ങൾ

ഇന്നത്തെ സമൂഹത്തിലും, കാലഘട്ടത്തിലും കാലാനുസൃതമായ മാറ്റങ്ങൾക്കൊപ്പം ജീവാനുസൃതമായ മാറ്റങ്ങളും ഉണ്ടായെന്ന് കാണാം. മനുഷ്യന്റെ ജീവിതക്രമ വ്യതിയാനങ്ങൾ പരിധിയിൽ കൂടുതൽ അതിക്രമിച്ച ഇന്നത്തെ കാലത്ത് ജീവിതശൈലി രോഗങ്ങളും മലയാളിയുടെ കൂടെ ചേർന്നിരിക്കുന്നു. ആരോഗ്യസൂചികയിൽ രാജ്യത്തെ അനുപാതത്തേക്കാളും ഉയർന്നു നിൽക്കുന്ന കേരളം ഇന്ന് ജീവിതശൈലി രോഗങ്ങൾക്ക് മുൻപന്തിയിലാണ് . അയൽ സംസ്ഥാനങ്ങളെ പോലും ബന്ധിപ്പിച്ച് നോക്കുമ്പോൾ കേരളത്തിൽ ജീവിതശൈലി രോഗങ്ങൾ ഉയരുവാൻ പ്രധാനകാരണം ജീവിതക്രമ വ്യതിയാനമാണ് . ചിട്ടയില്ലാത്ത ഭക്ഷണശീലവും അമിതമായ മൊബൈൽ ഉപയോഗവും ലഹരി ഉപയോഗവും പ്രധാനമായി ജീവിതശൈലി രോഗങ്ങളിലേക്ക് നയിക്കുന്നു.

ഇപ്പോഴത്തെ കണക്കുകൾ പ്രകാരം ജീവിതശൈലി രോഗങ്ങൾ ഏറെയും ബാധിക്കുന്നത് കൗമാരപ്രായക്കാരെയും ചെറുപ്പക്കാരെയും ആണെന്ന് വ്യക്തമാകുന്നു.മനുഷ്യന്റെ ജീവിതശൈലികളിൽ ഏതെങ്കിലും ഒന്നിൽ വരുന്ന മാറ്റങ്ങൾ മനുഷ്യനെ ജീവിതശൈലി രോഗങ്ങളിലേക്ക് കൊണ്ടുചെന്നെത്തിക്കുന്നു. സമയം ലംഘിച്ചുള്ള ഭക്ഷണരീതികളും അമിതഭോജനവും മനുഷ്യ ശരീരത്തിൽ കൊഴുപ്പിന്റെയും പഞ്ചസാരയുടെയും അളവ് വർദ്ധിപ്പിക്കുകയും അതുവഴി പൊണ്ണത്തടി,ഉയർന്ന രക്തസമ്മർദ്ദം, പ്രമേഹം, കൊളസ്ട്രോൾ , ക്യാൻസറുകൾ എന്നിവയിലേക്ക് നയിക്കുകയും ചെയ്യുന്നു. കേരളീയരുടെ ഭക്ഷണ രീതിയിൽ ധാന്യങ്ങളും കിഴങ്ങുവർഗ്ഗങ്ങളും മത്സ്യവും മുട്ടയും മാംസവും പച്ചക്കറികളും ഉപയോഗിക്കുന്നു. ഇവയിൽ ധാരാളം ജീവകങ്ങളും ധാതുക്കളും അടങ്ങിയിട്ടുണ്ട്.

ആരോഗ്യകരമായ ജീവിതത്തിന് വേണ്ട അത്യാവശ്യ ഘടകമാണ് പോഷകങ്ങൾ. എന്നാൽ ആധുനിക ജീവിതത്തിലെ തിരക്കുകൾ പ്രസാദന കലയുടെ

രൂപം മാറ്റി. ഇന്ന് പലരും ഭക്ഷണത്തിനായി ഹോട്ടലുകളെ ആശ്രയിച്ചു തുടങ്ങി. അതുവഴി ശരീരത്തിന് ആവശ്യമായ മാംസ്യം, നാര്, ജീവകങ്ങൾ , ലവണങ്ങൾ എന്നിവയ്ക്ക് പകരം പഞ്ചസാരയുടെയും കൊഴുപ്പിന്റെയും അളവ് ക്രമാതീതമായി വർദ്ധിക്കുന്നു. വളരെയധികം പാകം ചെയ്യപ്പെട്ട, നിരവധി ഘട്ടങ്ങൾക്ക് വിധേയമായ, കലോറി കൂടിയ എന്നാൽ പോഷക സമ്പുഷ്ടതയിൽ പിന്നോക്കം നിൽക്കുന്ന ജങ്ക്, ഫാസ്റ്റ് ഫുഡുകൾ ഇന്ന് കൗമാരക്കാരുടെ ഹരമായിരിക്കുകയാണ്. ഇതിലൂടെ ജീവിതശൈലി രോഗങ്ങളുടെ അളവും ക്രമേണ വർദ്ധിച്ചു വരുന്നു. ഭക്ഷണക്രമീകരണം ഒരു വലിയ പ്രശ്നമായി നിലനിൽക്കെ തന്നെ മൊബൈൽ ഫോൺ മദ്യം എന്നിവയുടെ ഉപയോഗം വിവിധതരം ജീവിതശൈലി രോഗങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നു. ഇവയിലൂടെ ശരീരത്തിൽ അൾസർ, അലർജി, വിഷാദരോഗം, കരൾ സംബന്ധമായ പ്രശ്നങ്ങൾ, ഹൃദ്രോഗം, സ്ട്രോക്ക് എന്നിവയിൽ തുടങ്ങി അകാലമരണത്തിൽ വരെ നമ്മെ കൊണ്ടുവന്നിരിക്കുന്നു. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കാനും ഒരു പരിധിവരെ തടഞ്ഞുനിർത്താനും നാം ശ്രമിക്കണം. ചിട്ടയായ ജീവിതശൈലിയിലൂടെയും ജീവിതക്രമവത്കരണത്തിലൂടെയും അത് കരഗതമാക്കാൻ സാധിക്കും. നമ്മുടെ ശരീരത്തിനെയും മനസ്സിനെയും പ്രവർത്തികളെയും എങ്ങനെ നാം ക്രമീകരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് ജീവിതശൈലി രോഗങ്ങളുംകടന്നുവരുന്നത്.




പ്രഭാത ഭക്ഷണം ഒരിക്കലും ഒഴിവാക്കരുത്. ഒരു ദിവസത്തെ മുഴുവൻ ഊർജ്ജവും പ്രദാനം ചെയ്യുന്നത് പ്രഭാതഭക്ഷണമാണ്. രാത്രി ഭക്ഷണം നേരത്തെ കഴിക്കുന്നതാണ് നല്ലത്. മനുഷ്യ ശരീരത്തിന്റെ സുഖകരമായ നടത്തിപ്പിന് രാത്രി കിടക്കുന്നതിന് രണ്ടു മണിക്കൂർ മുമ്പ് ഭക്ഷണം കഴിക്കുന്നതാണ് ഉത്തമം. മനുഷ്യ ശരീരത്തിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് 60 മുതൽ 80 ശതമാനം വരെ ജലം ആവശ്യമാണ്. അതിനാൽ ദിവസവും 6 മുതൽ 8 ഗ്ലാസ്




വെള്ളം കുടിക്കേണ്ടതാണ്. ദിവസവും കുറഞ്ഞത് 30 മിനിറ്റ് എങ്കിലും വ്യായാമത്തിനായി നീക്കിവെക്കണം. മാനസികോന്മേഷത്തിനും ശാരീരിക പ്രവർത്തനങ്ങൾക്കും ദിവസം ആറ് മുതൽ എട്ട് മണിക്കൂർ വരെ ഉറക്കവും അത്യാവശ്യമാണ്. ഒഴിവുസമയങ്ങളിൽ സുഹൃത്തുക്കളോടൊപ്പം കുടുംബത്തോടൊപ്പം പുറത്തുപോയി ആസ്വദിക്കാൻ ശ്രമിക്കുക. ശരീരത്തിൽ ഉണ്ടാകുന്ന അസ്വാഭാവിക മാറ്റങ്ങളെ തിരിച്ചറിഞ്ഞ് പുകവലി , മദ്യപാനം തുടങ്ങി ശരീരത്തിന് ഹാനികരം ആകുന്ന ശീലങ്ങൾ ഉപേക്ഷിച്ച് ഭക്ഷണരീതിയും ജീവിതശൈലിയും ക്രമപ്പെടുത്തുക നമ്മുടെ ശരീരസം സംരക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. രോഗം വന്നതിനുശേഷം ചികിത്സിക്കുന്നതിനേക്കാളും നല്ലത് രോഗം വരാതെ ആരോഗ്യത്തോടെ ഇരിക്കുന്നതാണ്. ആരോഗ്യം സംരക്ഷിക്കുക, ജീവിതം സന്തുഷ്ടമാക്കുക.

**ഫഹിമ റിയ**
**IX B**

# ലഹരിക്കെതിരെ ....


Say no to
Drug


In First
Drug is
so
Colourful
but
it's not


Drugs can
Ruin your life!
SAY NO TO
DRUGS



# കൂട്ടുകെട്ടിന്റെ ഗുണം

പണ്ട് പണ്ടൊരിടത്ത് ഒരു വലിയ പണക്കാരൻ ഉണ്ടായിരുന്നു. അയാൾക്ക് ധാരാളം വ്യാപാരസ്ഥാപനങ്ങളും വാഹനങ്ങളും മറ്റു മുണ്ടായിരുന്നു. അയാൾക്ക് ഒരു മകനുണ്ടായിരുന്നു. കാണാൻ ഭംഗിയുള്ള വെളുത്ത മെലിഞ്ഞ സുന്ദരനായ ഒരു മകൻ. ചെറുപ്പം മുതൽ എല്ലാ സൗകര്യങ്ങളോടും കൂടെയും വളർന്ന അവൻ ബുദ്ധിമുട്ടുകളൊന്നും അറിഞ്ഞിരുന്നില്ല. പണക്കാരായ കുട്ടികൾ മാത്രമായിരുന്നു അവൻറെ കൂട്ട്. പാവപ്പെട്ട കുട്ടികളോട് അവനും അവന്റെ കൂട്ടുകാർക്കും പുച്ഛമായിരുന്നു. വിലപിടിപ്പുള്ള വസ്ത്രങ്ങളും വിലകൂടിയ ചെരുപ്പും എല്ലാം അണിഞ്ഞു വരുന്ന അവന് ഒന്നുമില്ലാത്ത പാവപ്പെട്ട കുട്ടികളെ കാണുമ്പോൾ വല്ലാത്ത അവഗണന ആയിരുന്നു. അവരോട് കൂട്ടുകൂടാനോ അവരുടെ കൂടെ കളിക്കാനോ ഒന്നും അവന് താത്പര്യം ഉണ്ടായിരുന്നില്ല . അവൻറെ അച്ഛനുള്ള സമ്പത്ത് കാരണം അവനൊരു അഹങ്കാരിയായി മാറിയിരുന്നു. അവൻറെ സുഹൃത്തുക്കൾ അവൻറെ കൂടെ കൂടിയത് അവനെ മുതലെടുക്കാൻ വേണ്ടി മാത്രമായിരുന്നു. പക്ഷേ അവൻറെ അച്ഛനമ്മമാർ വളരെ നല്ലവരായിരുന്നു. അവൻറെ പോക്ക് ശരിയല്ലെന്ന് കണ്ട് അവർ അവനെ ഉപദേശിച്ചെങ്കിലും അവൻ അതൊന്നും ചെവി കൊണ്ടില്ല. ഒരു ദിവസം അവൻറെ കൂട്ടുകാർ അവനെ ഒരു കുരുക്കിൽ കൊണ്ടുപോയി ചാടിച്ചു. അവനെ ആ കുരുക്കിൽ നിന്നും രക്ഷിക്കാൻ അവൻറെ കൂട്ടുകാരോട് യാചിച്ചിങ്കിലും അവർ അവനെ രക്ഷിക്കാൻ തയ്യാറായില്ല. അവസാനംഅവൻഅവഗണിക്കുകയും പുച്ഛിക്കുകയും ചെയ്ത അവൻറെ കൂടെയുള്ള പാവപ്പെട്ട കുട്ടികളോട് കാര്യം പറഞ്ഞു. അവർ ആദ്യം മടിച്ചെങ്കിലും പിന്നീട് അവരുടെ സുഹൃത്തിനെ

രക്ഷിക്കാൻ തീരുമാനിച്ചു. താൻ അവഗണിക്കുകയും തള്ളിപ്പറയുകയും ചെയ്തവർ തന്നെ രക്ഷിക്കാൻ തയ്യാറായതിൽ അവന് സന്തോഷം തോന്നി.താൻ ചെയ്ത തെറ്റ് എന്താണെന്ന് പതിയെ പതിയെ അവൻ മനസ്സിലാക്കി. അവൻ അവരുടെ ഏറ്റവും നല്ല സുഹൃത്തായി മാറുകയും അവരുടെ ബുദ്ധിമുട്ടുകൾ അറിഞ്ഞു അവരെ സഹായിക്കുകയും ചെയ്തു അത് അവൻറെ അച്ഛനെയും അമ്മയെയും ഒരുപാട് സന്തോഷിപ്പിച്ചു. ആ മാതാപിതാക്കൾ അവരുടെ മകനെ പഴയതിലും കൂടുതലായി സ്നേഹിക്കാൻ തുടങ്ങി ഇവിടെ ചെന്നാലും നല്ലവരോട് മാത്രമാണ് കൂട്ടുകൂടേണ്ടത്. മോശക്കാരുമായി കൂട്ടുകൂടിയാൽ നമ്മളും അങ്ങനെ ആയിത്തീരും തിന്മകളാണ് മനുഷ്യരെ പെട്ടെന്ന് വശീകരിക്കുക അതിനായിരിക്കും ഭംഗിയും മധുരവും കൂടുതൽ ചീത്ത കൂട്ടുകെട്ടിൽ പെടുന്നവർ പിന്നീട് പലതു സ്വഭാവങ്ങളും ശീലിക്കും. അതിനാൽ നാം എപ്പോഴും ജാഗ്രതയോടെ മാത്രം കൂട്ടുകാരെ തിരഞ്ഞെടുക്കുക

**റിസ്സ ഫാത്തിമ**
**IX C**

കവിത

# മാതൃസ്നേഹം

അമ്മയുടെ സ്നേഹത്തിൻറെ
അളവറിയുമോ?
ജീവത്യാഗവും വേദനയുമാണ്
അമ്മതൻ സ്നേഹം.
അമ്മയാണ് ആത്മസുഹൃത്ത്
അമ്മയാണ് ദൈവിക സമ്മാനം.
അമ്മയുടെ സ്നേഹത്തിന് അതിരില്ല.
സ്നേഹവും ത്യാഗവും അമ്മതൻ
ജീവനിൽ ഉണ്ടെങ്കിലും
നന്മയാണ് ആ മനസ്സിലെന്നും .
എന്നുമെൻ അമ്മതൻ
മുഖമാണെന്നും എൻ മനസ്സിൽ
നിറഞ്ഞു നിൽക്കുന്നു...
ഗർഭപാത്രത്തിലെനിക്ക് ജന്മം
നൽകി, വളർത്തി, സംരക്ഷിച്ചു .
അമ്മയുടെ സ്നേഹം പൂ പോലെ
മധുരമുള്ളത്
അതെനിക്ക് ആശ്വാസവും
സംരക്ഷണവും ഏകിടുന്നു
നിർമലമായ സ്നേഹത്തെ ആർക്ക്
തടയാനാകും?



ഡോണ സുനിൽ
VIII A

ചെറുകഥ

# മലിനമായിരുന്ന കുളം

ജനലിലൂടെ തെന്നിയെത്തിയ ഇളം വെയിൽ കണ്ണിൽ അടിച്ചിട്ടും എഴുന്നേൽക്കാൻ മടിപിടിച്ച് കിടക്കുകയായിരുന്നു മീനു.

"മോളെ മീനു, എത്ര നേരമായി വിളിക്കുന്നു, എഴുന്നേറ്റേ".

അമ്മയുടെ ശബ്ദം ഉയർന്നപ്പോൾ അവൾ മനസ്സില്ല മനസ്സോടെ എഴുന്നേറ്റു. പ്രഭാത കർമ്മങ്ങളെല്ലാം കഴിഞ്ഞ് അവർ ഭക്ഷണം കഴിക്കാൻ ഇരുന്നു.

"എന്റെ മീനു മോൾക്ക് ഒരു സന്തോഷ വാർത്തയുണ്ട്". അച്ഛനാണ് പറഞ്ഞത്.
"എന്താ അച്ഛാ ?".
"അത് നാളെ നമ്മൾ നാട്ടിൽ പോവാണ്".

അത് കേട്ടതും അവൾക്ക് സന്തോഷം അടക്കാനായില്ല. അവൾ തന്റെ ഗ്രാമത്തെ ഓർത്തു. പഞ്ചാര പുഴ എന്ന അവളുടെ ഏറ്റവും പ്രിയപ്പെട്ട നാട്. നിറയെ തോടും, പുഴകളും കുളവും, വയലുകളും നിറഞ്ഞ തന്റെ ഗ്രാമത്തിൽ എല്ലാ വേനൽ അവധിക്കുമാണ് മീനു എത്താറ്. അവിടെ അവളുടെ മുത്തശ്ശിയും കൂടെ മാമനുമാണുള്ളത്.

അന്ന് രാത്രി അവൾ ഉറങ്ങിയില്ല. രാവിലെ നേരത്തെ തന്നെ ഉണർന്നു. എല്ലാ പെട്ടെന്ന് തീർത്ത് അവർ കാറിലേക്ക് കയറി. വീടിൻറെ മുറ്റത്ത് കാർ നിർത്തി. മുത്തശ്ശി ഉമ്മറത്തു തന്നെ കാത്തിരിക്കുന്നുണ്ട്.

"മുത്തശ്ശി" മീനു ഓടിച്ചെന്നു. "മാമൻ എവിടെ മുത്തശ്ശി?"
" അവൻ പറമ്പിൽ ഉണ്ട്".
"മാമാ", മീനു പറമ്പിലേയ്ക്കോടി.

ദിവസം പോയത് അറിഞ്ഞില്ല. മാമനോടും, മുത്തശ്ശിയോടൊപ്പം അവൾ മനം മറന്നു സന്തോഷിച്ചു.

"മാമാ, നമുക്ക് കുളത്തിൽ പോകാം".

"വേണ്ട മോളെ ".
"അതെന്താ ?"
"കുളം ഒക്കെ മരിച്ചു."
"മരിച്ചെന്നോ? "

"അതെ ആളുകൾ എല്ലാം മാലിന്യങ്ങളും തള്ളുന്നത് കുളത്തിലേക്കാണ്, അതിനാൽ പുഴ മലിനപ്പെട്ടിരിക്കുന്നു."

"എന്താണ് മാമാ, പരിസ്ഥിതി ശുചിത്വം ഒന്നും ആരും ഇവിടെ നോക്കാറില്ലേ?, നമുക്കെല്ലാവരെയും ഈ മലിനീകരണത്തിന്റെ തീവ്രത മനസ്സിലാക്കി കൊടുത്തു, ഒന്നിച്ചു കുളം വൃത്തിയാക്കണം."

"ശരിയാണ് മോളെ."

അടുത്ത ദിവസം തന്നെ മീനവും മാമനും അടുത്തുള്ള വീട്ടുകാരുടെ അടുത്ത് പോയി പരിസ്ഥിതി ശുചിത്വത്തിന്റെ ആവശ്യകതയും പരിസ്ഥിതി ഉണ്ടാകുന്ന പ്രശ്നങ്ങളും അവരെ ബോധ്യപ്പെടുത്തി.
എല്ലാവരും ഒന്നിച്ചു കുളം വൃത്തിയാക്കി. തങ്ങളെ പരിസ്ഥിതി ശുചിത്വത്തെക്കുറിച്ച് ബോധവാന്മാരാക്കിയ മീനുവിനെ അവർ അഭിനന്ദിച്ചു.



# എൻ വെളിച്ചമേ

കവിത

ഇരുൾ മറയുന്ന വെളിച്ചമേ
നിൻ പ്രകാശം എന്ന ഹൃദയത്തെ
പൂ പോൽമൃദുലമാക്കുന്നു
സൂര്യരശ്മികളാൽ പ്രകൃതിയെ മനോ
ഹരമാക്കുകയാണോ നീ
വെയിൽ നാളങ്ങളാൽ മരചില്ലകൾ
പൊൻനിറം തുളുമ്പുന്നു എൻ മനസ്സിൽ
ദീപമായ് ജ്വലിക്കുന്ന തീനാളമേ
പടരുമോ തൻ ഭൂമിയിൽ
പുലരിയിൽ വിരിയും തീനാളമേ
പടരുമോതൻ മാനത്ത്

വാനമാകെ കറുപ്പിച്ച് കാർ മുകിലിലായി
വരും കുളിർമഴയെ
നിൻ ഓർമ്മകൾ എന്നും ഉറ
ങ്ങുന്നുവെൻ മനസ്സിൽ
മഴവില്ലിലായി തീർത്ത വർണ്ണമേ
പ്രകൃതിയാം കുളിർമഴയെ
നീ വരും നേരം
പൂ വിരിയും വൃക്ഷമേ
നിൻ തണലെൻ ഹൃദയ
ത്തെ സ്വാന്തനിപ്പിക്കുന്നു

ഹിബ ഫാത്തിമ
IIX D

# കൊച്ചു മാലാഖമാർ

മൂക്ക് പൊത്തിക്കൊണ്ട് നടക്കുകയല്ലാതെ വേറെ വഴി യില്ലായിരുന്നു. ഞാൻ തെരുവിലൂടെ വേഗത്തിൽ നടന്നു പോവാനായി ശ്രമിച്ചു. മാസങ്ങളോളം പഴക്കമുള്ള ചീഞ്ഞ അവശിഷ്ടങ്ങൾ തെരുവിൽ ഒരു മൂലയിൽ കൂട്ടിയിട്ടിരിക്കുന്ന കാഴ്ച ദുസ്സഹമായിരുന്നു. ഞാൻ എന്റെ ഫ്ലാറ്റിലേക്ക് കയറി. കോണിപടികൾ വേഗത്തിൽ കയറിക്കൊണ്ടിരിക്കെയാണ്, തൊട്ടടുത്ത ഫ്ലാറ്റിൽ താമസിക്കുന്ന കുമാർ കയ്യിൽ ഒരു സഞ്ചിയുമായി എന്നെ കടന്നു പോയത്. സഞ്ചിയിൽ എന്താണെന്ന് ചിന്തിക്കാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. മുറിയിലെ ജനാലയ്ക്കരികെ ചെയറിൽ ഇരിക്കുമ്പോൾ, എനിക്ക് തെരുവിലെ കാഴ്ച നന്നായി കാണാമായിരുന്നു. മാലിന്യ കൂമ്പാരങ്ങൾ കൊണ്ട് അലങ്കൃതമായ ആ തെരുവ് എങ്ങനെയായിരുന്നു എന്ന് ഓർക്കാൻ ഞാൻ ശ്രമിച്ചു. അന്നേരമാണ് ഒരു നീളൻ കുപ്പായവും,വീതിയേറിയ ട്രൗസറും ധരിച്ച ഒരു പയ്യനെ ഞാൻ ശ്രദ്ധിച്ചത്. അവൻ തെരുവിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ശേഷം ദൂരെ ഓടിമറയുകയും ചെയ്തു. ഞാൻ ഷെൽഫിലെ പുസ്തകങ്ങൾക്ക് നേരെ നോട്ടമറിഞ്ഞു. അവ എന്നെ കാത്തിരിക്കുകയാണ്. നേരം പുലരുന്നതേയുള്ളൂ.

എന്നത്തേയും പോലെ ഇറങ്ങി ഞാൻ വീണ്ടും നടത്തം ആരംഭിച്ചു. ഇന്ന് ഞാൻ ഒരു ടവൽ എടുത്തിട്ടുണ്ട്. പക്ഷേ എന്തോ തെരുവിനെ ഇന്നലെ കണ്ടതിൽ നിന്നും എന്തോ ഒരു മാറ്റം.തെരുവ് ആരോ അടിച്ചു വാരിയത് പോലെ തോന്നി. പിറ്റേന്നും ഇതേ അനുഭവം എനിക്കുണ്ടായി. അടുത്ത ദിവസം ഞാൻ ഉറങ്ങിയില്ല. എന്താണ് സംഭവിക്കുന്നത് എന്ന് നോക്കാൻ തീരുമാനിച്ചു. നേരം ഒരുപാട് ആയിരുന്നു. തെരുവോരത്തെ വീട്ടുകളിലെ വിളക്കുകൾ അണഞ്ഞുകൊണ്ടിരുന്നു. എങ്കിലും തെരുവ് പ്രകാശപൂരിത മായിരുന്നു.

നേരം ഒരുപാട് ആയപ്പോൾ, രണ്ടുമൂന്നു ദിവസം മുൻപ് ഞാൻ കണ്ട പയ്യനും അതുപോലെ കുറെ കുട്ടികളും ചേർന്ന് തെരുവ് വൃത്തിയാക്കാൻ ശ്രമിക്കുന്നു. അവർ പരമാവധി ശ്രമിച്ചുകൊണ്ടിരുന്നു. നേരം പുലരാൻ ആയപ്പോൾ അവർ തിരിച്ചുപോയി. അങ്ങനെ തെരുവ് പതിയെ വൃത്തിയാകാൻ തുടങ്ങി. അവസാനം തെരുവിൽ

മാലിന്യത്തിന്റെ ഒരംശം പോലും കാണാതായി. അവിടെ ഒരു ബോർഡിന് ചുറ്റും ആളുകൾ കൂടിയിരിക്കുന്നത് ഞാൻ കണ്ടു. ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റി ഞാൻ ആ ബോർഡ് വായിച്ചു. "പരിസ്ഥിതി വൃത്തിയാക്കേണ്ടത് അത്യാവശ്യമാണ്. ഇന്നലെ വരെ മരിച്ചിരുന്ന തെരുവ് ഇന്ന് മുതൽ വീണ്ടും ജീവിക്കുന്നു. പരിസ്ഥിതി ശുചിത്വം പാലിക്കാത്തത് വലിയ രോഗങ്ങൾ ഉണ്ടാകുന്നതിന് കാരണമാകും. ബോധവാന്മാരാകൂ, പരിസ്ഥിതിയെ സംരക്ഷിക്കൂ." ആരാണെന്ന് ആളുകൾ അറിഞ്ഞില്ല. അറിയാൻ ശ്രമിച്ച തുമില്ല. പിന്നീട് എന്നും ആ തെരുവ് വൃത്തിയുള്ളതായിരുന്നു. ആ കുട്ടികളെ പാതിരാവരെ ഞാൻ കാത്തിരുന്നു. എങ്കിലും ഞാൻ കണ്ടില്ല. ആ കൊച്ചു മാലാഖമാർ നൽകിയത് എത്ര നല്ല പാഠമാണ്. പരിസ്ഥിതി ശുചിത്വത്തെ കുറിച്ച് എത്ര ബോധവാന്മാരാണ് അവർ. ഞാൻ വീണ്ടും ദൂരെയ്ക്ക് നോക്കിയിരുന്നു.

**ഹനീന ഫാത്തിമ**
**VIII E**



**ജഗദ്ഗിരി**
**10 D**

# എന്താണ് റോബോട്ടിക്സ്?



മെക്കാനിക്കൽ എഞ്ചിനീയറിങ്, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് തുടങ്ങിയവ ഉൾക്കൊള്ളുന്ന എഞ്ചിനീയറിങ് സയൻസ് വിഭാഗങ്ങളുടെ ഒരു അന്തർദേശീയ ശാഖയാണ് റോബോട്ടിക്സ്. മനുഷ്യർക്ക് പകരം ഉപയോഗിക്കാനും, മനുഷ്യരുടെ പ്രതിഭയോളം പ്രവർത്തിക്കാനും ഈ സാങ്കേതികവിദ്യയ്ക്ക് സാധിക്കും. ഇന്ന് അപകടകരമായ സാഹചര്യങ്ങളിൽ ഉൽപ്പാദന പ്രക്രിയകൾ അല്ലെങ്കിൽ മനുഷ്യർക്ക് അതിജീവിക്കാൻ കഴിയാത്ത അവസ്ഥകളിൽ റോബോട്ടുകൾ ഉപയോഗിക്കുന്നു. റോബോട്ടുകളെ പലരീതിയിൽ ഉപയോഗിക്കാം. ചിലർ മനുഷ്യരൂപത്തിൽ സാദൃശ്യം പുലർത്തുന്നു. സാധാരണയായി ജനങ്ങൾ നടത്തുന്ന ചില ആവർത്തിക്കുന്ന സ്വഭാവ രീതികളിൽ റോബോട്ട് സ്വീകരിക്കാൻ ഇത് സഹായിക്കും എന്ന് പറയപ്പെടുന്നു.പല റോബോട്ടുകളും പ്രകൃതിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ബയോ ഇൻസ്പെയർ ആയ റോബോട്ടിക്സ്ന് സംഭാവന നൽകുന്നു.

പല സാഹചര്യങ്ങളിലും റോബോട്ടുകൾക്ക് ഉൽപാദന ക്ഷമത, കാര്യക്ഷമത, ഗുണനിലവാരം, ഉൽപ്പന്നങ്ങളുടെ സ്ഥിരത എന്നിവ വർദ്ധിപ്പിക്കാൻ കഴിയും. മനുഷ്യരെ പോലെ റോബോട്ടുകൾക്ക് ബോറടിക്കില്ല. അവ ക്ഷീണിക്കുന്നത് വരെ അവർക്ക് ഒരേ കാര്യം വീണ്ടും വീണ്ടും ചെയ്യാൻ കഴിയും. ലൈറ്റിംഗ്, എയർ കണ്ടീഷനിങ് അല്ലെങ്കിൽ ശബ്ദസംരക്ഷണം, എന്നിങ്ങനെ മനുഷ്യർ ചെയ്യുന്ന അതേ പാരിസ്ഥിതിക ആവശ്യകതകൾ റോബോട്ടുകൾ ഇല്ല.

വ്യവസായിക ഓട്ടോമേഷനിൽ വളരെ പ്രധാനപ്പെട്ട ഘടകമാണ് റോബോട്ടിക്സ്. റോബോട്ടിക്സും,ഓട്ടോമേഷനും ഫാക്ടറികളിലും, ഷോപ്പ് ഫ്ലോറുകളിലും സന്തുലാവസ്ഥ നിലനിർത്തുകയും ചെയ്തു.റോബോട്ടുകൾ ഇപ്പോൾ പല വ്യവസായങ്ങളുടെയും നിർമ്മാണ പ്രക്രിയകളുടെ പ്രധാന ഘടകമാണ്

എൻജിനീയറിങ് ബിരുദക്കാർക്ക് റോബോട്ടിക്സ് മേഖല തരുന്ന അവസരം വലുതാണ്. അറിവ് കൃത്യമായി ഉപയോഗിക്കുന്നവർക്കും, വേഗമേറിയ ആശയം അവതരിപ്പിക്കുന്നവർക്കും തിളങ്ങാം. ഇന്ന് സാങ്കേതികവിദ്യയുടെ വികാസം മനുഷ്യ ജീവിതത്തെ അടിമുടി മാറ്റിക്കൊണ്ടിരിക്കുന്നു. ഏറെ സങ്കീർണമായ ഒരു ശസ്ത്രക്രിയ പോലും റോബോട്ടിന്റെ സഹായത്തോടെ നടത്താം.

21 നൂറ്റാണ്ടിലെ വിപ്ലവങ്ങൾക്ക് ഊർജ്ജമേകുന്ന ഇന്ധനം ഏത് എന്ന ചോദ്യത്തിന് ഉത്തരം ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്നാണ് . അത്രയേറെ ശക്തമായ ചലനങ്ങളാണ് സമീപഭാവിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നമ്മുടെ സമൂഹത്തിൽ സൃഷ്ടിച്ചത്. ഈ വിധം മനുഷ്യൻ ജീവിതത്തിന് ഉപകാരമാകുന്ന പലതും ചെയ്യാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് കഴിയും.റോബോട്ടിക്സ് അനന്തവിഹായത്തിലേക്ക് ഉയരട്ടെ.

ദേവി കൃഷ്ണ
IX B








Freedom Fest2023
IT CORNER
ST.ANTONY'S HS
KANNOTH





# നേരിന്റ് വഴി

നേരിന്റെ വഴിയേത്?
വഴിയോരക്കാഴ്ചകൾ പോലെ
പോകുന്നൊരീ ജീവിതയാത്രയിൽ
നേരിന്റെ വഴിയേത് സോദരാ..
നേരിന്റെ വഴിയേ പോയാൽ
ഒറ്റയാവാൻ എന്തെളുപ്പം..
ശിരസ്സൊന്നു ഉയർത്തുകയേ
വേണ്ടൂ..
താഴ്ത്തിയ കണ്ണുകളൊന്നു
ഉയർത്തുകയേ വേണ്ടൂ..
നേരിന്റെ വഴിയേത് മനുഷ്യാ..
അല്ലയോ മനുഷ്യാ നീയൊന്നാ
വാല്മീകത്തിൽ നിന്നൊന്നു
പുറത്തിറങ്ങൂ ധീരനായി..
നമുക്ക് നേരിന്റെ വഴിയേ പോകാം..
പ്രകാശം പരക്കട്ടെ എങ്ങും
സത്യപ്രകാശം...



ടീന ജോസ്
അധ്യാപിക

# ജലസംരക്ഷണം

ജീവന്റെ നിലനിൽപ്പിന് ആവശ്യം വേണ്ട ഒരു ഘടകമാണ് ജലം. ജീവന്റെ ഉല്പത്തിയും ജലത്തിൽ നിന്നാണ്. ഭക്ഷണം കഴിക്കാതെ നമുക്ക് കുറച്ചു കാലം കഴിച്ചു കൂട്ടാം. എന്നാൽ വെള്ളമില്ലാതെ ജീവിക്കാൻ ആവില്ല. ശുദ്ധജലം കേരളത്തിലെ ഏറ്റവും പ്രധാന വിഭവദാരിദ്ര്യമായി മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ കേരളത്തിലെ ജലക്ഷാമത്തിന് കാരണം മഴകുറയുന്നതല്ല എന്ന് നാം മനസ്സിലാക്കണം. അത് നമ്മുടെ തെറ്റായ ജലനിയോഗ രീതികൾ കൊണ്ടാണ്.

ജലത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ജലസംരക്ഷണത്തിന് വേണ്ടി ഐക്യരാഷ്ട്ര സംഘടന എല്ലാ വർഷവും മാർച്ച് 22ന് ലോകജലദിനമായി ആചരി ക്കുന്നു. ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ഇത് സഹായകമാകുന്നു. ഭൂമിയുടെ നാലിൽ മൂന്നു ഭാഗവും ജലമാണ്. എന്നാൽ നമുക്ക് ഉപയോഗിക്കാൻ കഴിയുന്ന ജല ത്തിന്റെ അളവ് വളരെ കുറവാണ്. നമ്മളെ ഓരോരുത്തരെയും ബാധിക്കുന്ന ഒരു പ്രശ്നമാണിത്. ശുദ്ധജലത്തിന്റെ ലഭ്യത കുറവാണ് ജലസംരക്ഷണംഎന്നത്.

ജലത്തിന്റെ ഉപയോഗം സുസ്ഥിരമായി കൈകാര്യം ചെയ്ത് ഭാവിയി ലെ ആവശ്യങ്ങൾക്കും കൂടി ഉതകും വിധം പ്രയോജനപ്പെടുത്തുന്നതിനായി, സ്വീകരിച്ചുവരുന്ന നയങ്ങൾ, ഉപായങ്ങൾ, ചര്യകൾ എന്നിവയെല്ലാം ചേർന്നതാ ണ് ജലസംരക്ഷണം.

കാലാവസ്ഥ വ്യതിയാനം മുതലായ പ്രശ്നങ്ങൾ പ്രകൃത്യായുള്ള ജലസ്രോതസ്സുകളിൽ വളരെയധികം ആഘാതം സൃഷ്ടിക്കുന്നുണ്ട്.

നമ്മുടെ ഓരോരുത്തരുടെയും ആവശ്യമാണ് ജലം സംരക്ഷിക്കുക എന്നത്. സസ്യസമ്പത്തിന്റെ വിസ്തൃതി കുറയുന്നതും, കൃഷിഭൂമിയിലെ അശാസ്ത്രീയ പ്രവർത്തനങ്ങളും ഭൂജലം കുറയുന്നതിന് കാരണമാകുന്നു. മനുഷ്യരുടെ അതിക്ര മങ്ങൾ ഭൂമിയെ, നമ്മുടെ പ്രകൃതിയെ നശിപ്പിക്കുന്നതിന്റെ എല്ലാം തെളിവാണ് ജല ക്ഷാമത്തിന് കാരണം. ജലസുരക്ഷയെ കുറിച്ച് ചിന്തിക്കുമ്പോൾ അതിനുവേണ്ടി വലിയ സാങ്കേതിക സംവിധാനങ്ങളെ കുറിച്ചാണ് നാം ആദ്യം ചിന്തിക്കുക. പക്ഷേ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ, ലളിതവും ചെലവ് കുറഞ്ഞതുമായ ചെറിയ തിരക്കിലുകൾക്കുള്ള പ്രാധാന്യം, കാര്യമായി എടുക്കാറില്ല.ഓരോ ഗ്രാമവും അടിസ്ഥാനമാക്കി, അതാത് ഗ്രാമവാസികളെ പങ്കാളികളാക്കിക്കൊണ്ട് ജലവിഭവ സംരക്ഷണ വിനിയോഗ സമ്പ്രദായം ഈ രാജ്യത്ത് നിലനിന്നിരുന്നു. ജലവിഭവം നിലനിൽക്കുന്ന വിധം ഉപയോഗി ക്കുവാനും മഴയുടെ വ്യതിയാനങ്ങൾ മൂലം ഉണ്ടാകുന്ന സാമ്പത്തിക ക്ലേശങ്ങൾ ഏറ്റവും കുറഞ്ഞ തോതിലേക്ക് പിടിച്ചുനിർത്തുവാനും സഹായകരമായിരുന്നു. എന്നാൽ


കേന്ദ്രീകൃത പദ്ധാതികളുടെ വരവോടെ സ്വാഭാവികമായി പരമ്പരാഗതമായി പരിചരണം ലഭിച്ചിരുന്ന പലതിനും പ്രാധാന്യം കുറഞ്ഞുവന്നു. പൈപ്പിലൂടെ ജലം ലഭിക്കുന്നു എന്ന് വന്നതോടെ കിണറുകളെ നാം ശ്രദ്ധിക്കാതെയായി. വിസ്തൃതമായ ജനസേചന പ്രദേശത്തോടും, ദീർഘമായ തോട് ശൃംഖലകളോടും കൂടിയ വൻ അണക്കെട്ടുകൾ വന്നതോടെ കുളങ്ങൾക്ക് പരിചരണം ലഭിക്കാതെയായി.

ഉത്തർഖണ്ഡിൽ ഗർസ്, ഹിമാചൽ പ്രദേശിൽ കൗൾസ് , രാജസ്ഥാനിൽ ജലാറസ്, നാഗാലാന്റിൽ സാബോ, ഒറീസയിൽ കാടസ് തുടങ്ങിയ പേരുകളിൽ കൊണ്ടുവരുന്നതൊക്കെയും വിവിധ തരത്തിലുള്ള ജനസംരക്ഷണ രീതികളാണ്

ജലസംരക്ഷണത്തിലെ ഒരു മാർഗ്ഗം എന്നത് മഴവെള്ള സംഭരണമാണ്. കുളങ്ങൾ, തടാകങ്ങൾ, കനാലുകൾ എന്നിവ നിർമ്മിക്കൽ, ജലസംഭരണികളുടെ ശേഷി വർദ്ധിപ്പിക്കൽ, മഴ കുഴികൾ, വീടുകളിലും മറ്റു മഴവെള്ള സംഭരണികൾ സ്ഥാപിക്കൽ എന്നിവ മഴവെള്ളം സംഭരിക്കാനുള്ള വ്യത്യസ്ത രീതികളാണ്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും, ശുദ്ധീകരണവും ഉറപ്പാക്കുന്നത് വഴി, പ്രാദേശികതലത്തിൽ ജനസേവനത്തിനും, കുടിവെള്ള വിതരണത്തിനും ഒരു പുതിയ ജലഉപഭോഗസംസ്കാരം രൂപപ്പെടുത്തുന്നതാണ് ജനസംരക്ഷണ മിഷന്റെ യും നമ്മുടെയും ഉത്തരവാദിത്വം. സംസ്ഥാനത്ത് ഒട്ടാകെയുള്ള കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും, നിലനിർത്തുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. നദികൾ, കായലുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണവും, ശുചീകരണവും നടപ്പിലാക്കണം. ഇതിലൂടെയെല്ലാം നമുക്ക് ജല സംരക്ഷണം ഊർജ്ജപ്പെടുത്താൻ സാധിക്കും.

ജനസംരക്ഷണം ഒരു സംസ്കാരമാകണം. നമ്മുടെയും, ഭാവി തലമുറയുടെയും നിലനിൽപ്പിന് ഇത് ആവശ്യമാണെന്ന ബോധ്യം നമുക്കുണ്ടാകണം.

**ഡോണ ട്രീസ മാണി**
**IX A**



**ആയിഷ ജൽവ വി**
**VIII C**

# കണ്ണുനീർത്തുള്ളി



വറ്റാത്ത കണ്ണീരിനുപ്പ് നുണഞ്ഞെത്ര
ലക്ഷങ്ങൾ ആ മണ്ണിൽ അറ്റിട്ടുമ്പോൾ
അട്ടഹാസത്തിനോ പിന്നുത്തരമില്ല
മുന്നിൽ ചമഞ്ഞിത വെടിയുണ്ടകൾ
പിഞ്ചു പൈതലും ബാല്യവും വൃദ്ധരു-
മെന്നില്ല നാരിമാർ എത്രയോ പൊഴിയുന്നു
അങ്കുര കോപ്പകൾ കപ്പലിനുള്ളിലായ്
മഹിമയും ജയവുമതോരിട്ടുന്നു
ഇക്കരെ രുധിരത്തിൻ സാഗരമൊഴുകി-
താപ്പക്ഷം നശിച്ചവർ പറ്റങ്ങളും
അഗ്നിയുടെ ചിറകേറി പായുന്നു ബോബുകൾ
ആക്രമം ഭേദിച്ചലയുന്നു നിശിതമായ്
സ്വമണ്ണിൻ ശ്രേണികളാം ഫാലസ്തീനികൾ
അഗ്നിഗോളമായി ദഹിക്കുന്നു ദാരുണം
ചെഞ്ചായം മെയ്യിലാകെ മറിഞ്ഞമട്ടിൽ
ചോരയൊട്ടും തുടക്കാതുറക്കമെങ്കിലും
വെടിയുണ്ട വീരങ്കി പാഞ്ഞു തീർത്തിട്ടുമ്പോഴും
വീറോടെ പോരിടുന്നവർ
കാട്ടാളർക്കെതിരെയും.

ഫഹിമ റിയ
IX B

ലേഖനം

# പ്രകൃതിക്ക് ഒരു കൈത്താങ്ങ്

പ്രപഞ്ചത്തിലെ ജീവനെ പിന്തുണയ്ക്കുന്ന ഒരേയൊരു ഗ്രഹമായി ഭൂമിയെ കണക്കാക്കുന്നു. ഈ ഗ്രഹത്തിൽ ജീവൻ നിലനിർത്തുന്ന ഒരു പുതപ്പായി പരിസ്ഥിതിയെ മനസ്സിലാക്കാം. സ്വാഭാവികമായി നിലനിൽക്കുന്ന പ്രകൃതിയെ സംരക്ഷിക്കുന്നതിനായി ചെയ്യുന്ന പ്രവർത്തികളെയാണ് പ്രകൃതി സംരക്ഷണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വായു, ജലം എന്നിവ പരിസ്ഥിതിയുടെ അടിസ്ഥാന ഘടകങ്ങളാണ്.എല്ലാ ജീവജാലങ്ങളും പ്രകൃതിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. പണ്ട് നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി പറഞ്ഞിട്ടുണ്ട്, ഒരു മനുഷ്യന് ജീവിക്കാനുള്ളതെല്ലാം ഈ ഭൂമിയിൽ ഉണ്ട്. പക്ഷേ അവന്റെ അത്യാർത്തിക്കുള്ളതൊന്നും ഈ ഭൂമിയിൽ ഇല്ല. പാഴ് വസ്തുക്കൾ നല്ല രീതിയിൽ സംസ്കരിച്ചും, മരങ്ങൾ നട്ടുപിടിപ്പിച്ചും, ജലമലിനീകരണം ഇല്ലാതാക്കിയും ഒരു പരിധിവരെ നമുക്ക് പ്രകൃതിയെ സംരക്ഷിക്കാം.

ഏറ്റവും പ്രധാനമായ നമ്മുടെ പരിസ്ഥിതി, പ്രകൃതിസൗന്ദര്യത്തിന്റെ ഉറവിടമാണ്. ശാരീരികവും, മാനസികവുമായ ആരോഗ്യം നിലനിർത്താൻ അത് അത്യാവശ്യമാണ്. നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ ഒരുപാട് എളുപ്പവഴികൾ ഉണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറച്ചുകൊണ്ട് നമുക്ക് പരിസ്ഥിതിയെ സംരക്ഷിക്കാം. അതുപോലെ പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നത് പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള ഒരു മാർഗ്ഗമാണ്. രാസകീടനാശിനികൾക്ക് പകരം ജൈവവളങ്ങൾ തിരഞ്ഞെടുക്കുന്നതും സഹായകമാകും.

അന്തരീക്ഷമലിനീകരണം ഉണ്ടാക്കുന്ന വാഹനങ്ങൾക്ക് പകരം സൈക്കിളുകൾ തിരഞ്ഞെടുക്കുക. അതുപോലെ തന്നെ ശരിയായ മാലിന്യ സംസ്കരണവും നല്ല അന്തരീക്ഷത്തിന് സഹായകമാകും. ഇങ്ങനെ പല രീതിയിലൂടെ നമുക്ക് പരിസ്ഥിതിയെ സംരക്ഷിക്കാം. നമ്മുടെ ജീവിത കാലത്തിൽ ഒരു മരമെങ്കിലും നാം വെച്ചു പിടിപ്പിക്കണം. ഉപയോഗിക്കുക, വലിച്ചെറിയുക എന്നത് നമ്മുടെ ശീലമായി മാറിയിരിക്കുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നു. നാം പ്ലാസ്റ്റിക് ഉപയോഗം വളരെയധികം കുറയ്ക്കേണ്ട ഒന്നാണ്. നമ്മളാണ് പ്രകൃതിയെ സംരക്ഷിക്കേണ്ടത്. നമ്മൾ മരം മുറിക്കുകയല്ല വേണ്ടത് പകരം പുതിയ തൈകൾ നട്ടു പിടിപ്പിക്കുകയാണ് ചെയ്യേണ്ടത്. മാലിന്യങ്ങൾ വലിച്ചെറിയുന്നത് മൂലവും, വ്യാപാര സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ എന്നിവയിൽ നിന്ന് ഒഴുകിയെത്തുന്ന മലിനജലം, കീടനാശിനികൾ അങ്ങനെ പലതും പുറന്തള്ളുന്ന രാസവസ്തുക്കൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ മൂലം, സമുദ്രവും ജലസ്രോതസ്സും ഒക്കെ മലിനമാകുന്നുണ്ട്. നമുക്ക് എല്ലാവർക്കും കൈകോർത്ത് പ്രകൃതിയെ സംരക്ഷിക്കാം.

എയ്ഞ്ചൽ ജോർജ്ജ്
VIII A



# D I G I T A L P A I N T I N G




ഷാന ഫാത്തിമ
XB

കവിത

# ജീവിതമാകുന്ന ലഹരിയിൽ

ജീവിതയാത്രതൻ കരാളമാം പാതയിൽ
ഏറ്റിയകന്നു ഞാൻ ഏറെ മുഖങ്ങൾ
താളാർദ്രമാകി ജീവധനുസ്സിലായ്
താളങ്ങളറ്റു ഞാൻ തീർന്നിടുമ്പോൾ
ഓരോ നിമിഷത്തിൽ ഹൃദയമിടു-
പ്പുകൾ എത്രയെന്നറിയാതെ ഒഴുകിടുമ്പോൾ ...
സമയത്തിൻ വിലയെന്തെന്നറിഞ്ഞ
ഈ ജീവിതം
എന്തിനായി നീക്കിയെന്ന് ഓർക്കുക
നീ ...
ചോര നീരാക്കി വറ്റിച്ചെടുത്തഈ ധനമെല്ലാം
വിനിയോഗിച്ചതെന്തിനെന്ന് ഓർത്തു ഞാൻ
വിലച്ചിടുമ്പോൾ
അർത്ഥ ശൂന്യമായി മാറുന്നു എന്നിലെ
യാമങ്ങൾ!!

ഫാത്തിമ സന എസ്
IX B

2023-24

# അക്കാദമിക പ്രവർത്തനങ്ങളിലൂടെ....


THE ENGLISH ZONE
Where We Speak English

















GIRL CHILD DAY


Kodancherry News
























राष्ट्रीय
प्रौद्योगिकी
संस्थान
कालिकट






280
277
285

# SPORTS










T.ANTONY'S HIGH
CHOOL, KANNOTH
Alphonsa V Baby
(Senior Girls)
ammed Hamdhan PT
ub. Junior Boys)

# 2K24 TaLeNtO

*Celebrating Talents...*


















# കഞ്ഞിയും പയറും

നമ്മുടെ ദേശീയ പതാകയ്ക്ക് എത്ര വർണ്ണങ്ങൾ ഉണ്ട് ? ടീച്ചറുടെ ഈണത്തിലുള്ള ചോദ്യം ചോദിച്ചു തീരുന്നതിനു മുൻപേ, ക്ലാസിലുള്ള എല്ലാവരും ഒന്നടങ്കം പാടി, മൂന്ന് . ആ മൂന്ന് സ്ക്കൂൾ മുഴുവൻ അലയടിച്ചു. അതങ്ങനെയാണ് അറിയാവുന്ന ഉത്തരം ആണെങ്കിൽ കുറച്ച് ആവേശം കൂടി പോകും. ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. വല്ലപ്പോഴും മാത്രമേ ഇങ്ങനെ അറിയാവുന്ന ചോദ്യങ്ങൾ കിട്ടാറുള്ളൂ. ഞാൻ ചോദിക്കുന്നവര് മാത്രം പറഞ്ഞാൽ മതി, എല്ലാവരും കിടന്നു കാറണ്ട. ആളിക്കത്തിയ ആവേശത്തിലേക്ക് ടീച്ചർ വെള്ളം കോരി ഒഴിച്ചു. ക്ലാസ് മൊത്തം ഒരു കരിഞ്ഞ മണം. എല്ലാവരും മിണ്ടാതെ ഇരിക്കുന്നു. ടീച്ചർ എന്റെ അരികിലേക്ക് വന്ന്, എന്നെ നോക്കി നിന്നു. കണ്ണട അല്പം താഴോട്ടാക്കി കണ്ണ് അതിനു മുകളിലൂടെ പുറത്തേക്കിട്ടാണ് നോട്ടം. ഇങ്ങനെ കഷ്ടപ്പെടണോ, കണ്ണട അഴിച്ചു വെച്ചാൽ പോരെ എന്ന് ഞാൻ ഒരുപാട് ചിന്തിച്ചിട്ടുണ്ട്. ടീച്ചർ വന്ന കാര്യം പറ എന്നമട്ടിൽ ഞാൻ ടീച്ചറെ നോക്കി.തൊലിപൊക്കി വെളുപ്പിച്ച് മിനുസപ്പെടുത്തിയ ചെമ്പരത്തി ചെടിയുടെ കൊള്ളി എന്റെ മൂക്കിന് നേരെ ചൂണ്ടി ടീച്ചർ ചോദിച്ചു. ആ മൂന്ന് വർണ്ണങ്ങൾ ഏതൊക്കെയാണ്?.ങേ, ങേന്നല്ല, ദേശീയ പതാകയിലെ ആ മൂന്നു വർണ്ണങ്ങൾ ഏതൊക്കെയാണ്ന്ന്?. പച്ച,ചുവപ്പ്, വെള്ള. ഒരു ശരിയുത്തരം പറഞ്ഞ ഗമയിൽ, ടീച്ചറെ നോക്കി പല്ലിളിച്ചു നിൽക്കുമ്പോൾ, ചെമ്പരത്തിക്കൊള്ളി മുഖത്തിന് നേരെ വച്ച് വട്ടം വരച്ചോണ്ട് ടീച്ചർ കണ്ണ് പുറത്തേക്കിട്ട് പറഞ്ഞു. ക്രമത്തിൽ പറയടോ?.പണി പാളി.ക്രമം ലേശം ബുദ്ധിമുട്ടാകും.വാടാ ചക്കരെ എന്ന മട്ടിൽ ഞാൻ നിൽക്കുമ്പോ, എന്നോട് എന്തോ തോന്നിയ ഒരു പെൺകുട്ടി, ടീച്ചർ കാണാതെ കപിൽദേവ് പതാകയും പൊക്കിപ്പിടിച്ച് നിൽക്കുന്ന ചട്ടയുള്ള നോട്ടുബുക്ക് എനിക്ക് കാണിച്ചു തന്നു. ഒരുവട്ടം പതാകയിലും, പിന്നെ അവളുടെ കളങ്കമില്ലാത്ത സ്നേഹം തുളുമ്പുന്നമുഖത്തേക്കും നോക്കി ഞാനുത്തരം പറഞ്ഞു.

ചോപ്പ്,വെള്ള,പച്ച. ഉത്തരം പറഞ്ഞുതീരുന്നതിനു മുൻപേ, എന്റെ ചെവി പിടിച്ച് കറക്കി മുഖം സ്കൂൾ ഗ്രൗണ്ടിലെ കൊടിമരത്തിലേയ്ക് തിരിച്ച് പിടിച്ച് അവിടെയുള്ള പതാകയിലേയ്ക്ക് ചൂണ്ടികാണിച്ചു.എന്നിട്ട് ചോദിച്ചു. എന്നിട്ട് ടീച്ചർ എന്നോടട് ചോദിച്ചു.
ചുവപ്പാണോ കഴുതേ അത്?. ഞാൻ നോക്കിയിട്ട് വെള്ളയും, പച്ചയും കാണുന്നത് പോലെ ചുവപ്പ് തന്നെയാണ് അവിടെയും കണ്ടത്. പിന്നെ ടീച്ചർ എന്തിനാ എന്റെ ചെവി പിടിച്ചു കറക്കിയത്?. മിനിടീച്ചറുടെ കാഴ്ച ശക്തി പോയോ പടച്ചോനേന്ന് വിചാരിച്ചു, ഞാൻ വിഷമത്തോടെ നിന്നു. ടീച്ചർ പെൺകുട്ടികളുടെ നേരെ തിരിഞ്ഞു. എനിക്ക് കപിൽ ദേവിനെ കാണിച്ചു തന്ന പെൺകുട്ടിയോട് പറഞ്ഞു, നീ പറ. അവൾ എഴുന്നേറ്റ് ഉത്തരം പറഞ്ഞത് കേട്ട് ഞാൻ ഞെട്ടി .ങേ അതൊരു പൂവിൻറെ പേരല്ലേ, കുങ്കുമം. കുങ്കുമം, വെള്ള, പച്ച . ഗുഡ് കുട്ടി ഇരിക്കൂ. അപ്പോ ഞാനോ?. നീ നാളെ ആയിരം വട്ടം കുങ്കുമം, വെള്ള, പച്ച എന്നെഴുതിയത് കൊണ്ടുവന്നിട്ട് ക്ലാസിൽ കയറിയാൽ മതി. എന്നാലും വേണ്ടില്ല ,ഒരു തീരുമാനമായല്ലോ എന്ന മട്ടിൽ ഞാൻ ബെഞ്ചിൽ ഇരുന്നു.പറഞ്ഞാൽ കേൾക്കുന്ന കുട്ടി ആയതുകൊണ്ട് വൈകുന്നേരം സ്കൂൾ വിട്ടുപോകുമ്പോൾ, കടയിൽ നിന്ന് എഴുതാനുള്ള പത്തിരുപത് പേപ്പർ വാങ്ങിയാണ് വീട്ടിലേക്ക് പോയത്.പിറ്റേന്ന് സ്കൂളിൽ പോകാതെ ഇരുന്നെഴുതി. അന്ന് വൈകുന്നേരം എന്റെ കൂട്ടുകാർ സ്കൂൾ വിട്ടുപോകുമ്പോൾ ഞാൻ അവരോട് ചോദിച്ചു. ഞാൻ ഇന്ന് ലീവ് ആക്കിയത് ആരോ ചോയ്ച്ചീനോ?. ഞാൻ ഫുൾ എഴുതി നാളെ വരും. ആം ന്നും പറഞ്ഞ് അവർ വീട്ടിൽ പോയി. പിറ്റേന്ന് ക്ലാസിൽ കേറും മുമ്പേ ഓഫീസ് റൂമിൽ പോയി 20 പേപ്പറുകളിലായി ആയിരം വട്ടം ഞാനെഴുതിയ വർണ്ണലോകം, ഞാൻ ടീച്ചർക്ക് കൈമാറി. ഞാൻ കഷ്ടപ്പെട്ട് എഴുതിയ കെട്ട് ഒന്ന് നോക്കുകപോലും ചെയ്യാതെ ജനലിലൂടെ കഞ്ഞിപ്പുരയിലേക്ക് ഇട്ടു. ടീച്ചർ എന്നോട് പറഞ്ഞു, നീയൊക്കെ ഒരു ഉത്തരം പറയുന്നത് കേൾക്കാനുള്ള ആഗ്രഹം കൊണ്ടാണ് , ഇത്രയും ഈസിയായ ചോദ്യം

ചോദിക്കുന്നത്. നിനക്കൊക്കെ വല്ല തുമ്പാപണിക്കും പോയിക്കൂടെ?. ഞാൻ സ്ഥിരം മറുപടിയായ ഒരു ചിരി സമ്മാനിച്ച് പുറത്തേക്കിറങ്ങുമ്പോൾ, ഓഫീസ് റൂമിന്റെ പടിക്കൽ , ഒരു വലിയ കെട്ട്പേപ്പറുകളുമായി എന്റെ ക്ലാസിലെ ഷെഫിക്ക് നിൽക്കുന്നു. ഞാൻ ലീവായ ദിവസം അവനു കിട്ടിയ പണിയാണ് പേപ്പറുകളിൽ എന്നെനിക്ക് മനസ്സിലായി. ക്ലാസ്സിൽ പോയന്വേഷിച്ചപ്പോളാണ് കാര്യമറിഞ്ഞത്. ദേശീയപതാകയിലെ, വെള്ള വർണ്ണത്തിന്റെ മധ്യത്തിലുള്ള ചക്രത്തിന്റെ പേര്?. ആദ്യമായി ഇവന്റെ വായിൽ നിന്ന് ഒരു ഉത്തരം കേൾക്കാനുള്ള ആഗ്രഹം കൊണ്ട് ടീച്ചറിവനോട് ചോദിച്ചു. ചക്രം കറക്ടായിരുന്നു. അശോകൻ കേശവനായിപ്പോയി. 2000 പ്രാവശ്യമെഴുതിയ അശോകചക്രം പിടിച്ച് നിൽക്കുന്ന ഷെഫീക്കിനെയാണ് ഞാനവിടെ കണ്ടത്. ഞാനായിരമല്ലേ എഴുതിയത്.ഇവനെന്താ രണ്ടായിരം? ഒരുപാട് ആലോചിച്ചപ്പോഴാണ് കാര്യം മനസ്സിലായത്. ഞാൻ എഴുതിയത് കഞ്ഞിക്കാണ്, അവനെഴുതിയത് ചെറുപയറിനും. ചെറുപയറിന് വേവ് കൂടുതലാണത്രേ...!!





ഫാത്തിമ റിഫ്ന
VIII B

കവിത

# പൂവിതൾ

വസന്തകാലമാം ഭൂമിയിൽ പൂ-
ത്ത മലരുകൾ
തലയുയർത്തിയാടുകയോ.....
പുലരിയിൽ പൊൻനിറമണയും
പൂച്ചെണ്ടുകൾ നീയോ....
പട്ടുപോൽ വിരിഞ്ഞ നിന്നിതളുകൾ
മൃദുലമാം കൈകളാൽ
അലയുന്നുവോ..
മയിൽ നൃത്തമാം നിൻ ഭംഗിയിലാ-
ണ്ടുപോകുന്നുവെൻമനം
വർണ്ണമേകും ചിത്രശലഭങ്ങളാൽ
തേനുകരും കാർവണ്ടുകൾ നിൻ
സൗഹൃദമെൻ ഹൃദയത്തെ സ്വാ
ന്ത്വനിപ്പിച്ചീടുമോ...
എൻ ശ്വാസമായ് വിരിയും പു
ഷ്പമേ എൻ ജീവനാണ്
നിൻ സുഗന്ധം

ഹിബ ഫാത്തിമ
IX D



ഫാത്തിമ ഹൈഫ കെ.കെ
VIII A

# THANK YOU

**LITTLE KITES UNIT**

**ST.ANTONY'S H S KANNOTH**